## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *2** 　　　　 **09.06.2014- ലെ മറുപടിക്ക്**

### മിഷൻ 676

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി. എം.ഉമ്മർ മാസ്റ്റർ:**<br>" **പി. ഉബൈദുള്ള:**<br>" **സി. മമ്മൂട്ടി:**<br>" **എൻ. എ. നെല്ലിക്കുന്ന്:** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മിഷൻ 676 സമയബന്ധിതമായി നടപ്പാക്കാൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണ്. ഇതിനുപുറമേ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശയും നല്കുന്നതാണ്. |
| (ബി) പ്രധാന പദ്ധതികളുടെ മോണിറ്ററിംഗിന് ഓരോ ഉദ്യോഗസ്ഥനും ചുമതല നല്കുന്നതിനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽവിശദവിവരം നൽകാമോ; | (ബി) ഉണ്ട്. 12-ാം പഞ്ചവത്സര പദ്ധതി (2012-2017) യുടെ 3-ാം വർഷത്തെ (2014-2015) പ്രോഗ്രാം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള (ജനുവരി, 2014) 'സമ്മറി ഡോക്കുമെന്റി'ൽ പദ്ധതികളും അവ നടപ്പിലാക്കുന്ന ഏജൻസികളേയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരേയും സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ സമ്മറി ഡോക്കുമെന്റ് ബജറ്റ് രേഖയുടെ ഭാഗമാണ്. ഡോക്കുമെന്റ് അനുസരിച്ച് പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നു. |

| | |
|---|---|
| (സി) മിഷൻ 676-ൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**